## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1466 — 11.06.2019-ൽ മറുപടിയ്ക്ക്

### മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് ഓഫീസറുടെ സേവനം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീമതി ഇ.എസ്.ബിജിമോൾ : | | ശ്രീമതി.ജെ.മേഴ്സിക്കുട്ടി അമ്മ (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പമന്ത്രി) |
| (എ) | ഇടുക്കി ജില്ലയിലെ പരിമിതമായ യാത്രാസൗകര്യങ്ങളുള്ള ആദിവാസി മേഖലകളിൽ അധിവസിക്കുന്ന ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ സേവനങ്ങൾ സമയബന്ധിതമായി ലഭിക്കുന്നില്ലായെന്നത് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇടുക്കി ജില്ല ഉൾപ്പെടെ മൂന്ന് ജില്ലകളുടെ ചുമതലയുള്ള മത്സ്യത്തൊഴിലാളി ക്ഷേമനിധിബോർഡ് ഓഫീസറുടെ കാര്യാലയം സ്ഥിതി ചെയ്യുന്ന കോട്ടയം ജില്ലയിലെ വൈക്കത്ത് എത്തിച്ചേരുവാനുള്ള അസൗകര്യം മൂലം ജില്ലയിലെ നിരവധി മത്സ്യത്തൊഴിലാളികൾ മത്സ്യത്തൊഴിലാളി ക്ഷേമനിധി ആനുകൂല്യങ്ങൾക്ക് അപേക്ഷ സമർപ്പിക്കുവാൻ കഴിയാതെ വരുന്ന സാഹചര്യം വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | ജില്ലയിലെ എല്ലാ ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്കും മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ സേവനങ്ങളും ആനുകൂല്യങ്ങളും സമയബന്ധിതമായി ലഭിക്കുന്നതിന് ജില്ലയ്ക്ക് തനതായി ഒരു മത്സ്യത്തൊഴിലാളി | (സി) | ഇടുക്കി ജില്ലയിൽ 231 മത്സ്യത്തൊഴിലാളികളും 105 അനുബന്ധത്തൊഴിലാളികളുമാണ് നിലവിൽ മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിരിക്കുന്നത്. ടിയാളുകൾക്ക് വൈക്കം ഫിഷറീസ് ഓഫീസിൽ എത്തുന്നതിനുള്ള ബുദ്ധിമുട്ടുകൾ പരിഗണിച്ച് എല്ലാ മാസവും മുൻകൂട്ടി |

| | |
|---|---|
| ക്ഷേമനിധിബോർഡ് ഓഫീസറുടെ സേവനം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | നിശ്ചയിച്ചതു പ്രകാരം ഇടുക്കി ജില്ല ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയത്തിൽ വിഹിതം സ്വീകരിക്കുന്നതിനും അപേക്ഷകൾ കൈപറ്റുന്നതിനുമായി വൈക്കം ഫിഷറീസ് ഓഫീസറുടെ സേവനം ലഭ്യമാക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ